പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *211** 17/06/2019- ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി

| | ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ രാജൻ<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ.കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി എന്ന പേരിൽ വനം വകുപ്പ് പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | വീട്ടു വളപ്പുകളിലും വനേതര പ്രദേശങ്ങളിലും മുൻകാലങ്ങളിൽ വ്യാപകമായി കണ്ടു വന്നിരുന്ന വൃക്ഷങ്ങളായ തേക്ക്,ഈട്ടി, ചന്ദനം തുടങ്ങിയവയുടെ ലഭ്യത കുറഞ്ഞു വരികയും, എന്നാൽ ഇവയുടെ ആവശ്യകത കൂടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കുറവ് പരിഹരിക്കുവാൻ മേൽ പറഞ്ഞ മൂന്ന് വൃക്ഷങ്ങളുടെയും ഒരു വർഷം പ്രായമായ കൂടത്തൈകൾ തയ്യാറാക്കി സ്കൂൾ കുട്ടികൾക്ക്, ഒരു കുട്ടിയ്ക്ക് ഒരു വൃക്ഷത്തൈ എന്ന നിലയിൽ സൗജന്യമായും, പൊതു ജനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച 45 രൂപ നിരക്കിലും വിതരണം ചെയ്യുവാൻ ഉദ്ദേശിച്ച് ഗോൾഡൻ ട്രിനിറ്റി എന്ന പേരിൽ ഒരു പദ്ധതി നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഒരു വർഷം പ്രായമായ വലിയ കൂടത്തൈകൾ എടുത്തു കൊണ്ടുപോകുവാൻ സ്കൂൾ കുട്ടികൾക്ക് അസൗകര്യമാണ് എന്നതിനാലും സ്കൂൾ കുട്ടികൾക്ക് കൊണ്ടുപോകാൻ കഴിയുന്ന വലിപ്പത്തിലുള്ള 64 ലക്ഷം ചെറിയ കൂടത്തൈകൾ സൗജന്യ വിതരണത്തിന് തയ്യാറാണെന്നതിനാലും ടി നിർദ്ദേശം പരിഗണിക്കപ്പെട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ആയത് നടപ്പാക്കിയാലുള്ള ഗുണഫലങ്ങളും വ്യക്തമാക്കുമോ; | (ബി) | രാജകീയ വൃക്ഷങ്ങൾ എന്നറിയപ്പെടുന്ന തേക്ക്, ചന്ദനം, ഈട്ടി വീട്ടുവളപ്പുകളിലും വനേതര പ്രദേശങ്ങളിലും മുൻകാലങ്ങളിൽ വ്യാപകമായി കണ്ടു വന്നിരുന്നു. ഇവയുടെ |

| | | | |
|---|---|---|---|
| | | | ലഭ്യത ഇന്ന് വളരെ കുറഞ്ഞു, എന്നാൽ<br>ആവശ്യം അനുദിനം കൂടി വരികയുമാണ്.<br>ഈ കുറവ് പരിഹരിക്കുവാൻ മേൽ പറഞ്ഞ<br>മൂന്ന് വൃക്ഷങ്ങളുടെയും ഒരു വർഷം<br>പ്രായമായ കൂടത്തൈകൾ തയ്യാറാക്കി<br>വിതരണം ചെയ്യുവാൻ ഉദ്ദേശിച്ച്<br>സമർപ്പിക്കപ്പെട്ട നിർദ്ദേശമാണ്<br>ഗോൾഡൻ ട്രിനിറ്റി. |
| സി | പ്രസ്തുത പദ്ധതി ഏതൊക്കെ<br>മേഖലകളിൽ നടപ്പാക്കിയെന്ന്<br>വ്യക്തമാക്കുമോ; | സി | സ്കൂൾ കുട്ടികൾക്ക് ഒരു വർഷം പ്രായമായ<br>വലിയ തൈകൾ കൊടുത്തു വിടുന്നതിലെ<br>അപ്രായോഗികത കാരണം നിർദ്ദേശം<br>നടപ്പാക്കിയില്ല. അതിന്റെ ഭാരക്കൂടുതൽ<br>കാരണം കുട്ടികൾ അവയെ<br>വഴിയിലുപേക്ഷിക്കാനും മറ്റുതരത്തിൽ<br>മറ്റുള്ളവരാൽ അത് ദുരുപയോഗം<br>ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാലും<br>സ്കൂൾ കുട്ടികൾക്ക് കൊണ്ടുപോകാൻ<br>കഴിയുന്ന വലിപ്പത്തിലുള്ള 64 ലക്ഷം ചെറിയ<br>കൂടത്തൈകൾ സൗജന്യ വിതരണത്തിന്<br>തയ്യാറാണെന്നതിനാലും നിർദ്ദേശം<br>പരിഗണിക്കപ്പെട്ടിട്ടില്ല. നിർദ്ദേശം<br>സമർപ്പിച്ചവർ തന്നെ അത്<br>പിൻവലിക്കുകയാണുണ്ടായത്. എന്നാൽ<br>സാമൂഹ്യവനവൽക്കരണത്തിന്റെ<br>ആവശ്യത്തിനായി വനം വകുപ്പ്<br>തയ്യാറാക്കിയതും ഗോൾഡൻ ട്രിനിറ്റി<br>എന്ന പേരിൽപെടുത്തി വിതരണത്തിന്<br>നിർദ്ദേശിക്കപ്പെട്ടതുമായ വലിയ<br>കൂടത്തൈകൾ സംസ്ഥാനത്തെ 14<br>ജില്ലകളിലെയും വനത്തിനു പുറത്തുള്ള<br>പൊതു സ്ഥലങ്ങളിലും, വിവിധ സർക്കാർ<br>വകുപ്പുകളുടെയും വിദ്യാഭ്യാസ<br>സ്ഥാപനങ്ങളുടെയും അധീനതയിലുള്ള<br>സ്ഥലങ്ങളിലും, വനം വകുപ്പ് നേരിട്ടും ഇതര<br>വകുപ്പുകൾ/ സ്ഥാപനങ്ങളുമായും,<br>ഹരിതകേരള മിഷന്റെ പച്ചത്തുരുത്ത്<br>പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റ<br>അടിസ്ഥാനത്തിൽ സംയുക്തമായി<br>നട്ടുപിടിപ്പിച്ച് വരികയാണ് |
| (ഡി) | ലോക പരിസ്ഥിതി<br>ദിനത്തോടനുബന്ധിച്ച് പ്രസ്തുത<br>പദ്ധതിയിൻ കീഴിൽ വൃക്ഷങ്ങൾ വച്ചു<br>പിടിപ്പിക്കുന്നതിനായി ഊർജ്ജിതമായ | (ഡി) | ഗോൾഡൻ ട്രിനിറ്റി എന്നൊരു പദ്ധതി<br>സർക്കാർ നടപ്പാക്കിയിട്ടില്ല. എന്നാൽ<br>സാമൂഹ്യവനവൽക്കരണത്തിന്റെ<br>ആവശ്യത്തിനായി വനം വകുപ്പ് |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | | തയ്യാറാക്കിയ വലിയ കൂടത്തൈകളാണ് ഗോൾഡൻ ട്രിനിറ്റി എന്ന പേരിൽ പെടുത്തി വിതരണത്തിന് നിർദ്ദേശിക്കപ്പെട്ടത്. അവ സംസ്ഥാനത്തെ 14 ജില്ലകളിലെയും വനത്തിനു പുറത്തുള്ള പൊതു സ്ഥലങ്ങളിലും, വിവിധ സർക്കാർ വകുപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള സ്ഥലങ്ങളിലും, വനം വകുപ്പ് നേരിട്ടും ഇതരവകുപ്പുകൾ/ സ്ഥാപനങ്ങളുമായും, ഹരിതകേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടു പിടിപ്പിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**